DESPATCHED
On..30/9/21..

14/9/21



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.622(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6243/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 14**

ശ്രീ. അനിൽ ചെന്ദ്രത്തിൽ,
തിരൂർക്കാട്,
മലപ്പുറം – 679 321. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പ്രാഥമിക ആരോഗ്യ കേന്ദ്രം,
   ആലിപറമ്പ്, മലപ്പുറം.
2. അപ്പീൽ അധികാരി & മെഡിക്കൽ ഓഫീസർ,
   പ്രാഥമിക ആരോഗ്യ കേന്ദ്രം,
   ആലിപറമ്പ്, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 06/06/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 22/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/09/2021-വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. അനിൽ ചെന്ദ്രത്തിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, കുടിവെള്ള മലിനമാക്കുന്നതുമായി ബന്ധപ്പെട്ട് ആലിപ്പറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ 29.12.2020–ന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തുമായി ബന്ധപ്പെട്ട ചില വിവരങ്ങളും രേഖകളും ആവശ്യപ്പെട്ട് 4.2.2021 തീയതി നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞാണ് മറുപടി നൽകിയതെന്നും ടി മറുപടി തെറ്റിദ്ധരിപ്പിക്കുന്നത് ആയതിനാൽ 16.3.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും, എന്നാൽ വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷയും ഒന്നാം അപ്പീൽ

അധികാരിയായ ഡി.എം.ഒ. തന്നെയാണ് തീർപ്പാക്കിയിട്ടുള്ളതെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽവിലാസമോ അപ്പീൽ കാലാവധി സംബന്ധിച്ച വിവരമോ രേഖപ്പെടുത്തിയിരുന്നില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സൗജന്യമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കകം വിവരങ്ങൾ നൽകാത്തതിനും അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം കൈമാറുന്നതിനും എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1), 20(2) വകുപ്പുകൾ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും പരാതിക്കാരന്റെ അപേക്ഷയിന്മേൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 29.12.2020 ന് ആറിപറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ് :

i. മേൽപ്പടി കത്തിൽ മലിനീകരണത്തിന് കാരണമായ വേസ്റ്റ് ടാങ്കിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്പ്പിച്ചു എന്ന് കാണുന്നു എന്നും മേൽ വേസ്റ്റ് ടാങ്കിന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കാൻ എതിർകക്ഷിയുടെ ഓഫീസിൽ നിന്നോ മറ്റേതെങ്കിലും ഓഫീസിൽ നിന്നോ എതിർകക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും

ii. നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും

iii. നോട്ടീസ് നൽകിയ തീയതി

iv. നോട്ടീസ് എതിർകക്ഷികൾ കൈപ്പറ്റിയതിന്റെ രേഖ

v. എതിർകക്ഷികൾ നോട്ടീസിനു നൽകിയ മറുപടിയുടെ പകർപ്പ് തുടങ്ങിയ 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷിയായ മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 4.2.2021-നു നൽകിയ അപേക്ഷയ്ക്ക് 25.2.2021 തീയതി വച്ച് നൽകിയ മറുപടി 10.3.2021-നാണ് തപാലിൽ അയച്ചിട്ടുള്ളതെന്നും അപേക്ഷ നൽകി 30 ദിവസങ്ങൾക്കു ശേഷം ഫീസ് അടക്കാൻ നിർദ്ദേശിക്കുന്നത് വിവരാവകാശ

നിയമലംഘനമാണെന്നും അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ വിവരാവകാശ നിയമം 6(3) പ്രകാരം നടപടി സ്വീകരിച്ചില്ലെന്നും 3, 4, 5 എന്നീ ഇനങ്ങൾക്ക് വിവരങ്ങൾ ലഭ്യമല്ലാത്തതിന്റെ കാരണം വ്യക്തമാക്കിയില്ലെന്നും, 10-ാം ഇനത്തിന് സത്യവിരുദ്ധമായ മറുപടിയാണ് നൽകിയതെന്നും 11, 12 എന്നീ ഇനത്തിന് സൗജന്യമായി വിവരം നൽകണമെന്നും എതിർകക്ഷികൾക്ക് വിവരാവകാശ നിയമത്തെ കുറിച്ച് പരിശീലനം നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 31.03.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അനിൽ ചെന്ദ്രത്തിൽ 4.02.2021-ന് അയച്ച അപേക്ഷ എതിർകക്ഷി സ്ഥാപനത്തിൽ ലഭിക്കുന്നത് 11.02.2021-നാണെന്നും നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും പരാതിയിൽ ഉന്നയിച്ച മലിനീകരണ പ്രശ്നം പരിഹരിക്കേണ്ടത് ഗ്രാമപഞ്ചായത്തായതിനാൽ പരാതിയിൽ പരാമർശിച്ച കാര്യങ്ങൾ വളരെ വിശദമായി പരിശോധിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും അപേക്ഷകന്റെ 2, 3 ചോദ്യങ്ങൾക്കുള്ള മറുപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തുടർനടപടികൾ ആയതിനാലാണ് ടി ഓഫീസിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കാൻ കഴിയാതിരുന്നതെന്നും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഒന്നാം അപ്പീൽ തീർപ്പാക്കുന്ന ഘട്ടത്തിൽ ഉചിതമായ തീരുമാനം എടുത്ത് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിവരാവകാശ അപേക്ഷ ടി ഓഫീസിൽ ലഭിച്ചപ്പോൾ സംയുക്തമായി രേഖകൾ പരിശോധിച്ച് ക്ലാർക്ക് പൊതുവിവരാവകാശ അധികാരി എന്ന നിലയിൽ മറുപടി തയ്യാറാക്കുകയും മെഡിക്കൽ ഓഫീസർ എന്ന നിലയ്ക്ക് സ്ഥാപനത്തിൽ നിന്നും അയയ്ക്കുകയും ചെയ്തു എന്നും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു വർഷത്തിലധികമായി വളരെയധികം തിരക്കുപിടിച്ചതും മാനസിക സമ്മർദ്ധമുണ്ടാകുന്നതുമായ സാഹചര്യത്തിലും എല്ലാ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളും സത്യസന്ധമായും സമയബന്ധിതമായും കാര്യക്ഷമമായും തീർപ്പാക്കാറുണ്ടെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 04.02.2021-ന് നൽകിയ വിവരാവകാശ അപേക്ഷ 11.02.2021-നാണ് എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടുള്ളതെന്നും ആയതിന് 10.3.2021-ന് മറുപടി തപാലിൽ അയച്ചു കൊടുത്തതായും അതുപോലെതന്നെ 16.3.2021-ന് നൽകിയ ഒന്നാം അപ്പീൽ 31.3.2021-ന് തീർപ്പാക്കിയതായും കാണുന്നു. ആയതിനാൽ മറുപടി നൽകിയതിൽ കാലതാമസം നേരിട്ടതായി കാണുന്നില്ല. എന്നാൽ വിവരാവകാശ അപേക്ഷയ്ക്കും

ഒന്നാം അപ്പീൽ അപേക്ഷയ്ക്കും രണ്ടാം എതിർകക്ഷി തന്നെയാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. ആയത് ക്ലാർക്കും, മെഡിക്കൽ ഓഫീസറും സംയുക്തമായി രേഖകൾ പരിശോധിച്ച് ക്ലാർക്ക് പൊതുവിവരാവകാശ അധികാരി എന്ന നിലയിൽ മറുപടി തയ്യാറാക്കി ടി സ്ഥാപനത്തിന്റെ മേലധികാരി മെഡിക്കൽ ഓഫീസർ എന്ന നിലക്ക് അയച്ചതാണെന്ന മറുപടി അംഗീകരിക്കത്തക്കതല്ല. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാന നിർദ്ദേശം ചെയ്തവർക്ക് മാത്രമെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാൻ വ്യവസ്ഥയുള്ളു എന്നതിനാൽ ഒന്നാം എതിർകക്ഷി നൽകേണ്ടിയിരുന്ന മറുപടി സ്ഥാപനത്തിലെ അപ്പീൽ അധികാരിയായ മെഡിക്കൽ ഓഫീസർ നൽകിയത് നിയമപ്രകാരമല്ല. അതുപോലെ തന്നെ നൽകിയ മറുപടിയിൽ അപ്പീലധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, ഫോൺ നമ്പർ തുടങ്ങിയ അവശ്യ വിവരങ്ങൾ രേഖപ്പെടുത്താതെ മറുപടി നൽകിയതും, അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുമായിരുന്നു മറുപടി നൽകേണ്ടിയിരുന്നതെങ്കിൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുക്കാതിരുന്നതും, വേസ്റ്റ് ടാങ്കിന്റെ പ്രവർത്തനം നിർത്തി വെയ്ക്കാൻ നോട്ടീസ് നൽകിയിരുന്നോ എന്നതുമായി ബന്ധപ്പെട്ട 3 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ലഭ്യമല്ല എന്ന മറുപടി നൽകിയതും രണ്ടാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചകളാണ്. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

4. ഒന്നാം അപ്പീൽ തീർപ്പിനെ തുടർന്ന് രണ്ടാം എതിർകക്ഷി വിവരങ്ങൾ നൽകിയതായി കാണുന്നു. എന്നാൽ ടി മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ട എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ/രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 7

ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും, പഞ്ചായത്തിൽ നിന്നും ഹർജിക്കാരന് വിവരം ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം അയച്ചു കൊടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. എതിർകക്ഷികൾ വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ അപാകത സംഭവിച്ചത് വിവരാവകാശ നിയമം വ്യക്തമായി വായിച്ച് മനസ്സിലാക്കിയിട്ടില്ലാത്തതിനാലാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ വിവരാവകാശ നിയമം വായിച്ച് മനസ്സിലാക്കി ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 14-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ഡോ. വിശ്വാസ് മേത്ത**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION